# കേരള കാർഷിക സർവ്വകലാശാല

കാർഷിക കോളേജ്, പടന്നക്കാട് പി.ഒ., കാസർഗോഡ് ജില്ല
പിൻ: 671314, കേരളം

നമ്പർ: ജി2-5614/2023 **തീയ്യതി: 22.11.2024**

## പുനഃ ദർഘാസ്/ലേലം പരസ്യം

പടന്നക്കാട് കാർഷിക കോളേജിന് കീഴിലുള്ള ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-II (കരുവാച്ചേരി) ലെ മൃഗസംരക്ഷണ വിഭാഗത്തിൽ നിന്ന് രണ്ട് കാളക്കിടാവുകളെ ലേല വ്യവസ്ഥകൾക്ക് വിധേയമായി വിൽക്കുന്നു. കാളക്കിടാവുകളുടെ നമ്പർ, ഇനം, ഗുണം മുതലായവ ചുവടെ കൊടുത്തിരിക്കുന്നു.

| ക്രമ നം | നമ്പർ | ഇനം | കാളക്കിടാവിന്റെ പ്രായം | തൂക്കം (കി.ഗ്രാം) |
|---|---|---|---|---|
| 2. | 420059/722620 | കാസർഗോഡ് കുള്ളൻ | 3 മാസത്തിനു മുകളിൽ | 20 |
| 3. | 105308/719825 | കാസർഗോഡ് കുള്ളൻ | 3 മാസത്തിനു മുകളിൽ | 62 |

ദർഘാസ്/ലേല വിൽപ്പനയിൽ പങ്കെടുക്കുന്നവർ 1,500/- രൂപ നിരതദ്രവ്യം കെട്ടിവെയ്ക്കേണ്ടതാണ്. മുദ്രവെച്ച ദർഘാസുകൾ പടന്നക്കാട് കാർഷിക കോളേജിൽ സ്വീകരിക്കുന്ന **അവസാന തീയതി 06.12.2024 രാവിലെ 11.00 മണി വരെ** ആണ്. സമർപ്പിക്കുന്ന ദർഘാസിൽ കാളക്കിടാവുകളുടെ വില പ്രത്യേകം പ്രത്യേകം കാണിക്കേണ്ടതാണ്.

**"പടന്നക്കാട് കാർഷിക കോളേജിന്റെ കീഴിലുള്ള കാളക്കിടാവുകളെ പരസ്യമായി ലേലം ചെയ്ത് വിൽപ്പന നടത്തുന്നതിനുള്ള ദർഘാസ്" എന്ന് കവറിനു പുറത്ത് വ്യക്തമായി എഴുതിയിരിക്കണം.**

ദർഘാസ് സ്വീകരിക്കുന്നതിന്റെ നിശ്ചിത സമയം കഴിഞ്ഞാൽ അന്നേ ദിവസം 11.30 മണിക്ക് പടന്നക്കാട് കാർഷിക കോളേജിൽ വെച്ച് പരസ്യലേലം നടത്തുന്നതാണ്. പരസ്യലേലത്തിൽ ദർഘാസ് നൽകിയവർക്കു മാത്രമേ പങ്കെടുക്കുവാൻ അവസരം ലഭിക്കുകയുള്ളു.

പരസ്യലേലത്തിൽ ഓരോ വിളിയിലും മിനിമം നൂറുരൂപയെങ്കിലും കൂട്ടി വിളിക്കേണ്ടതാണ്. പരസ്യലേലത്തിൽ ഏറ്റവും കൂടിയ നിരക്ക് കിട്ടിക്കഴിഞ്ഞാൽ ലഭിച്ച ദർഘാസുകൾ തുറന്നു പരിശോധിക്കുന്നതും ദർഘാസിലും ലേലത്തിലും ഏതിലാണോ ഏറ്റവും കൂടിയ നിരക്ക് വന്നത് ആയത് സ്വീകരിക്കുന്നതുമാണ്. ദർഘാസ്/ലേല നിരക്കുകൾ തൃപ്തികരമല്ലെങ്കിൽ തിരസ്ക്കരിക്കുവാനുള്ള പൂർണ്ണ അധികാരം ഡീനിൽ നിക്ഷിപ്തമാണ്.

ദർഘാസ്/ലേല നിരക്ക് സ്വീകരിക്കുകയോ തിരസ്ക്കരിക്കുകയോ ചെയ്തതിനു ശേഷം മാത്രമേ ദർഘാസ് സമർപ്പിച്ചവർ/ലേലത്തിൽ പങ്കെടുത്തവർ ലേല സ്ഥലം വിട്ടുപോകാൻ പാടുള്ളു. വിജയിയായ ദർഘാസുകാരൻ/ ലേലക്കാരൻ അപ്പോൾ തന്നെ മൊത്തം തുകയുടെ മൂന്നിലൊരു ഭാഗം ഓഫീസിൽ അടക്കേണ്ടതും, ബാക്കി തുക മൂന്നു ദിവസത്തിനകം അടച്ച് കാളക്കിടാവുകളെ സ്വന്തം ചെലവിൽ കൊണ്ടുപോകേണ്ടതുമാണ്.

ദർഘാസ്/ലേല വിൽപ്പന റദ്ദാക്കുവാനോ മാറ്റിവെയ്ക്കുവാനോ ഉള്ള അധികാരം ഡീനിൽ നിക്ഷിപ്തമാണ്. തൽ സംബന്ധിയായ ഡീനിന്റെ തീരുമാനം അന്തിമമായിരിക്കും.

ദർഘാസ്/ലേലം സംബന്ധിച്ച എല്ലാവിധ സർക്കാർ നിബന്ധനകളും ഇതിനും ബാധകമാണ്. മറ്റു വിശദ വിവരങ്ങൾക്ക് പ്രവൃത്തി സമയങ്ങളിൽ ഓഫീസിൽ അന്വേഷി ക്കാവുന്നതാണ്. (0467-2280616, 2280358)

ലേലം ചെയ്ത് വിൽക്കാനുദ്ദേശിക്കുന്ന കാളക്കിടാവുകളെ ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർക്ക് ഫാം പ്രവൃത്തി ദിവസങ്ങളിൽ വന്ന് കാണാവുന്നതാണ്.

ലേല ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാകുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തിദിവസം ഇതേ നിബന്ധനകൾക്ക് വിധേയമായി ദർഘാസ്/ലേലം നടത്തുന്നതാണ്.

ഒപ്പ്/-
**ഡോ.ടി സജിതാ റാണി**
ഡീൻ

പകർപ്പ്:-

1. നോട്ടീസ് ബോർഡ് (കോളേജ്/ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-I & II)
2. വില്ലേജ് ഓഫീസ് (നീലേശ്വരം/കാഞ്ഞങ്ങാട് സൗത്ത്)
3. നഗരസഭാ ഓഫീസ് (നീലേശ്വരം/കാഞ്ഞങ്ങാട്)
4. പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പീലിക്കോട്
5. കെ.എ.യു വെബ്സൈറ്റ്
6. ഡോ. മണികണ്ഠൻ എൻ., അസിസ്റ്റന്റ് പ്രൊഫസർ & ഇൻസ്ട്രക്ഷണൽ യൂണിറ്റ്-II-ന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ
7. ശ്രീമതി.ഗീത എം., ഫാം മാനേജർ ഗ്രേഡ്-I, ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-II
8. എ2 സെക്ഷൻ

**//അംഗീകാരത്തോടുകൂടി അയക്കുന്നത്//**

**സെക്ഷൻ ഓഫീസർ**